# ഖുർആൻ ബോധനം

**എ.വൈ.ആർ**

**629**

### സൂറ-15

# അൽ ഹിജ്ർ

## ആമുഖം

അവതരണം മക്കയിൽ. ഖണ്ഡിക: 6 സൂക്തം: 99

**ഈ** സൂറ *ഹിജ്ർ* എന്ന് നാമകരണം ചെയ്യപ്പെട്ടത് ഇതിലെ 80-ാം സൂക്തത്തിൽ പുരാതന ഹിജ്ർ നിവാസികളെ പരാമർശിച്ചിട്ടുള്ളതുകൊണ്ടാണ്. സമൂദ് സമുദായമാണ് ഹിജ്റുകാർ. മദീനക്കും ശാമിന്നുമിടയിൽ ശാമിനോടടുത്തു സ്ഥിതിചെയ്യുന്ന വാദിൽഖുറാക്കടുത്താണ് ഹിജ്ർ പ്രദേശം സ്ഥിതി ചെയ്യുന്നത്. സൂറ അവതരിച്ചത് മക്കയിലാണെന്ന് ഇബ്നു അബ്ബാസും ഇബ്നു സുബൈറും പ്രസ്താവിച്ചിരിക്കുന്നു. ഖുറൈശികളുടെ ഇസ്ലാംവിരോധവും മുസ്ലിംകൾക്കെതിരെയുള്ള മർദനവും മൂർഛിച്ചു കൊണ്ടിരുന്ന സാഹചര്യത്തിലാണ് അവതരണമെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. സൂറ *ഇബ്റാഹീം* അവതരിച്ച ഉടനെയാണ് ഇതും അവതരിച്ചതെന്ന് ചിലർ പറയുന്നു. സൂറ *യൂസുഫ്* അവതരിച്ച ശേഷം സൂറ *അൻആമി*ന്റെ അവതരണത്തിനു മുമ്പാണ് *അൽഹിജ്റി*ന്റെ അവതരണമെന്നാണ് ഇമാം സുയൂത്വിയുടെ അഭിപ്രായം.

ഉള്ളടക്കത്തിലും ആദിമധ്യാന്തങ്ങളിലും സൂറ *ഇബ്റാഹീമു*മായി വ്യക്തമായ സാദൃശ്യമുള്ളതുകൊണ്ടായിരിക്കണം ഇത് സൂറ *ഇബ്റാഹീമി*ന്റെ പിറകിൽ ക്രോഡീകരിക്കപ്പെട്ടതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. തെളിഞ്ഞ വേദത്തെ – الكتاب المبين വർണിച്ചു കൊണ്ടാണ് രണ്ടു സൂറകളും ആരംഭിക്കുന്നത്. ചർച്ച ചെയ്യുന്നതും ഏറെക്കുറെ *ഇബ്റാഹീമി*ലെ പ്രമേയങ്ങൾ തന്നെയാണ്. രണ്ടിലും ആകാശഭൂമികളെ മഹാ ദൃഷ്ടാന്തങ്ങളായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇബ്റാഹീമി ചരിത്രത്തിന്റെ ചില ഭാഗങ്ങളും മറ്റു ചില പ്രവാചക കഥകളും രണ്ടു സൂറയും പങ്കുവെക്കുന്നുണ്ട്. ഖുറൈശികളുടെ ദ്രോഹങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രവാചകനുള്ള സാന്ത്വനവും വിജയ വാഗ്ദാനവും രണ്ടു സൂറയിലും കാണാം. പ്രവാചകനെ ആശ്വസിപ്പിക്കുന്നതിങ്ങനെയാണ്: ഈ ഖുർആൻ തന്നെ സുവ്യക്തമായ ഒരു ദൃഷ്ടാന്തവും ന്യായവുമാണ്. ഈയാളുകൾ അത് അംഗീകരിക്കാതെ താങ്കൾ പിഴച്ചവനും ഭ്രാന്തനുമാണെന്ന് ജൽപിക്കുന്നു. താങ്കൾക്ക് സാക്ഷിയായി മലക്കുകളെ ഹാജരാക്കണം എന്നതുപോലുള്ള ആവശ്യങ്ങളുന്നയിക്കുന്നു. ഇതിലൊന്നും യാതൊരു പുതുമയുമില്ല. എല്ലാ പ്രവാചകന്മാർക്കും ഇത്തരം ആവശ്യങ്ങളും ആക്ഷേപങ്ങളും അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളതാണ്. ആവശ്യപ്പെടുന്ന ദിവ്യാത്ഭുതങ്ങൾ കാണിച്ചു കൊടുത്താലും ഇക്കൂട്ടർ അവരുടെ നിഷേധവും ധിക്കാരവും വെടിയാൻ പോകുന്നില്ല. അതിനാൽ അവരെ അവരുടെ പാട്ടിനു വിട്ടേക്കുക. പ്രവാചകൻ പ്രബോധനം ചെയ്ത വേദപ്രമാണങ്ങളംഗീകരിച്ച് തങ്ങളും മുസ്ലിംകളായിത്തീർന്നിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്ന് ഇക്കൂട്ടർ ഖേദിക്കുന്ന ഒരു സന്ദർഭം വരുന്നുണ്ട്.

ഉയിർത്തെഴുന്നേൽപുനാളിൽ സത്യനിഷേധികളുടെ അവസ്ഥയെന്തായിരിക്കുമെന്നുണർത്തിക്കൊണ്ടാണല്ലോ സൂറ *ഇബ്റാഹീം* സമാപിക്കുന്നത്. അതിന്റെ തുടർച്ചയാണ് ഈ സൂറയിലെ رُّبَمَا يَوَدُّ ٱلَّذِينَ എന്ന വചനം. هَٰذَا بَلَٰغٌ لِّلنَّاسِ -ഇത് മനുഷ്യർക്കാകമാനമുള്ള സന്ദേശമാകുന്നു- എന്ന സൂക്തത്തിലാണ് സൂറ *ഇബ്റാഹീം* അവസാനിക്കുന്നത്. അതിന്റെ വിശദീകരണമെന്നോണം ....تِلْكَ ءَايَٰتُ ٱلْكِتَٰبِ (ഇത് വേദ സൂക്തങ്ങളാകുന്നു) എന്നു പ്രസ്താവിച്ചുകൊണ്ടാണ് ഈ സൂറ സമാരംഭിക്കുന്നത്.

പ്രവാചകനെ നിഷേധിക്കുന്ന സത്യനിഷേധികളുമായും വിഗ്രഹാരാധകരുമായും ഉള്ള സംവാദം, അല്ലാഹുവിന്റെ ആസ്തിക്യത്തിന്റെയും ഏകത്വത്തിന്റെയും മനുഷ്യന്റെ മരണാനന്തര ജീവിതത്തിന്റെയും തെളിവുകളായി പ്രപഞ്ചത്തിൽ നിറഞ്ഞുകിടക്കുന്ന ദൃഷ്ടാന്തങ്ങൾ, സൃഷ്ടിലക്ഷ്യം, വെളിപാട്, ആദമിന്റെയും ഇബ്ലീസിന്റെയും കഥ, ദുഷ്ടന്മാരുടെയും ശിഷ്ടന്മാരുടെയും പരലോക ഗതി, പ്രവാചകനുള്ള വിജയവാഗ്ദാനം തുടങ്ങിയവയാണ് സൂറയുടെ മുഖ്യ പ്രതിപാദ്യങ്ങൾ.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

## പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

الٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ وَقُرۡءَانٖ مُّبِينٖ ﴿١﴾

رُّبَمَا يَوَدُّ ٱلَّذِينَ كَفَرُواْ لَوۡ كَانُواْ مُسۡلِمِينَ ﴿٢﴾

ذَرۡهُمۡ يَأۡكُلُواْ وَيَتَمَتَّعُواْ وَيُلۡهِهِمُ ٱلۡأَمَلُۖ فَسَوۡفَ يَعۡلَمُونَ ﴿٣﴾

وَمَآ أَهۡلَكۡنَا مِن قَرۡيَةٍ إِلَّا وَلَهَا كِتَابٞ مَّعۡلُومٞ ﴿٤﴾

مَّا تَسۡبِقُ مِنۡ أُمَّةٍ أَجَلَهَا وَمَا يَسۡتَـٔۡخِرُونَ ﴿٥﴾

1 അലിഫ് - ലാം - റാഅ്. വേദത്തിന്റെയും സുവ്യക്തമായ ഖുർആനിന്റെയും വിശുദ്ധ സൂക്തങ്ങളാണിവ.
2 ഇസ്‌ലാമിക സന്ദേശം തള്ളിക്കളഞ്ഞവർക്ക്, ഹാ, കഷ്ടം! അവർ മുസ്‌ലിംകളായിത്തീർന്നിരുന്നുവെങ്കിൽ എന്ന് ഖേദത്തോടെ മോഹിക്കുന്ന സന്ദർഭം വരുന്നുണ്ട്.
3 പ്രവാചകൻ അവരെ വിട്ടുകളയുക. അവർ തിന്നു കുടിച്ചു മദിച്ചുകൊള്ളട്ടെ. മോഹങ്ങൾ അവരെ പ്രജ്ഞാശൂന്യരാക്കട്ടെ. അതിന്റെ പരിണതി വൈകാതെ അവർ അറിയുന്നുണ്ട്.
4 നാം നശിപ്പിച്ചുകളഞ്ഞ ഏതു നാട്ടിനും ക്ലിപ്തമായ ഒരു പ്രവർത്തനകാലം നിർണയിച്ചു കൊടുത്തിട്ടുണ്ടായിരുന്നു.
5 ഒരു ജനവും അവർക്ക് നിശ്ചയിച്ച അവധിക്കു മുമ്പ് നശിക്കുന്നില്ല. അവധിക്കുശേഷം നിലനിൽക്കുന്നുമില്ല.

تِلۡكَ= അത് (ഇവ) ءَايَٰتُ= (വിശുദ്ധ) സൂക്തങ്ങളാകുന്നു ٱلۡكِتَٰبِ= വേദഗ്രന്ഥത്തിന്റെ(യും) وَقُرۡءَانٖ= ഒരു ഖുർആനിന്റെയും
مُّبِينٖ= സുവ്യക്തമായ رُّبَمَا يَوَدُّ= എത്രയെത്രയാണ് മോഹിക്കുക(ഖേദത്തോടെ മോഹിക്കുന്ന സന്ദർഭം വരുന്നുണ്ട്)
ٱلَّذِينَ كَفَرُواْ= നിഷേധിച്ചവർ(ഇസ്‌ലാമിക സന്ദേശം തള്ളിക്കളഞ്ഞവർ)
لَوۡ كَانُواْ= (ഹാ, കഷ്ടം!) അവർ ആയിരുന്നുവെങ്കിൽ എന്ന് مُسۡلِمِينَ= മുസ്‌ലിംകൾ, ഇസ്‌ലാം സ്വീകരിച്ചവർ
ذَرۡهُمۡ= നീ(പ്രവാചകൻ) അവരെ വിട്ടുകളയുക يَأۡكُلُواْ وَيَتَمَتَّعُواْ= അവർ തിന്നട്ടെ, സുഖിക്കട്ടെ(തിന്നു കുടിച്ചു മദിച്ചുകൊള്ളട്ടെ)
وَيُلۡهِهِمُ= അവരെ പ്രജ്ഞാശൂന്യർ, അശ്രദ്ധർ ആക്കുകയും ചെയ്യട്ടെ
ٱلۡأَمَلُۖ= മോഹങ്ങൾ فَسَوۡفَ يَعۡلَمُونَ= വൈകാതെ അവർ അറിയുന്നുണ്ട്
وَمَآ أَهۡلَكۡنَا مِن قَرۡيَةٍ= നാടുകളിൽനിന്ന് നാം നശിപ്പിച്ചിട്ടില്ല(നാം നശിപ്പിച്ചു കളഞ്ഞ ഏതു നാട്ടിനും)
إِلَّا وَلَهَا كِتَابٞ مَّعۡلُومٞ= അറിയപ്പെട്ട ഒരു രേഖ അതിനുണ്ടായിട്ടല്ലാതെ(ക്ലിപ്തമായ ഒരു പ്രവർത്തന കാലം നിർണയിച്ചു കൊടുത്തിട്ടുണ്ടായിരുന്നു)
مَّا تَسۡبِقُ= മുൻകടക്കുന്നില്ല(മുമ്പായി നശിക്കുന്നില്ല) مِنۡ أُمَّةٍ= ഒരു സമുദായവും
أَجَلَهَا= അതിന്റെ(അതിന്നു നിശ്ചയിച്ച)അവധി وَمَا يَسۡتَـٔۡخِرُونَ= അവർ പിന്തുന്നുമില്ല(അവധിക്കുശേഷം നിലനിൽക്കുന്നുമില്ല)

**1:** തുടക്കത്തിലുള്ള ഒറ്റയക്ഷരങ്ങളെക്കുറിച്ച് ഇതുപോലുള്ള മുൻ സൂറകളുടെ തുടക്കത്തിൽ ഉണർത്തിയ കാര്യങ്ങൾ ഇവിടെയും പ്രസക്തമാകുന്നു. സൂറയുടെ സംക്ഷിപ്തമായ മുഖവുരയാണീ സൂക്തം. ആശയവശാൽ സൂറയെ മുൻ സൂറയുടെ هَٰذَا بَلَٰغٞ لِّلنَّاسِ എന്നു തുടങ്ങുന്ന അന്തിമ സൂക്തത്തിന്റെ ഒരനുബന്ധവും രണ്ടു സൂക്തങ്ങളെയും ബന്ധിപ്പിക്കുന്ന കണ്ണിയുമാണിത്.

تِلۡكَ 'അത്' ആണ്. ഉദ്ദേശ്യം ഈ സൂറയിൽ അവതരിപ്പി

ക്കുന്ന സൂക്തങ്ങളാണ്. സമീപത്തുള്ളതിനെ 'ഇതു' എന്നു പറയുന്നതിനു പകരം 'അത്' എന്ന് അകലത്തുള്ളതുപോലെ പറയുന്നത് അറബി ഭാഷയിൽ വിശുദ്ധിയും ബഹുമാനവും സൂചിപ്പിക്കുന്ന ഒരു ശൈലിയാണ്. اَلْكِتَـٰبِ ൽ അല്ലാഹു അവതരിപ്പിച്ച എല്ലാ വേദങ്ങളും ഉൾപ്പെടുന്നു. ഇവിടെ ഓതപ്പെടുന്ന സൂക്തങ്ങൾ ഉൾക്കൊള്ളുന്ന വേദത്തിന്റെ പേരാണ് ഖുർആൻ. മാനവ മാർഗദർശനാർഥം അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിലൊന്നായ, സുവ്യക്തമായ ഖുർആന്റെ പാവനവും പവിത്രവുമായ സൂക്തങ്ങളാണിത് എന്നാണ് താൽപര്യം. اَلْكِتَـٰبِ നെയും قُرْءَانٍ നെയും واو കൊണ്ട് സമാസിച്ചിരിക്കുന്നത് വ്യത്യസ്തമായ രണ്ടെണ്ണത്തിനെ കൂട്ടിച്ചേർക്കുന്നു എന്ന നിലക്കല്ല. ശകലത്തെ സാകല്യവുമായി ചേർക്കുന്ന (عطف الجزء على الكل) എന്ന നിലക്കാണ് - ഇന്ത്യയുടെയും കേരളത്തിന്റെയും എന്നൊക്കെ പറയുന്നതുപോലെ.

ഖുർആനിനെ مُّبِينٍ 'തെളിഞ്ഞ' എന്നു വിശേഷിപ്പിച്ചതിന് രണ്ടു മാനമുണ്ട്. ഒന്ന്, അതിലുള്ള മാർഗദർശനങ്ങൾ സുവ്യക്തവും സുഗ്രാഹ്യവുമാണ്. അനുശാസനങ്ങളിൽ സമസ്യകളോ സങ്കീർണതകളോ ഇല്ല. രണ്ട്, അതിലെ നിയമങ്ങളും തത്ത്വങ്ങളും എക്കാലത്തും അന്വേഷകർക്കു മുമ്പിൽ തെളിഞ്ഞു തന്നെ നിലനിൽക്കും. പൗരോഹിത്യത്തിന്റെയും മറ്റു നിക്ഷിപ്ത താൽപര്യക്കാരുടെയും കൈകടത്തലുകൾ കൊണ്ടും ദുർവ്യാഖ്യാനങ്ങൾ കൊണ്ടും അതിന്റെ തെളിമയും തനിമയും നശിപ്പിക്കാനാവില്ല. അതിന്റെ സംരക്ഷണം അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നു. അതിനാൽ ആരാലും അതിൽ ഭേദഗതികൾ വരുത്താനാവില്ല. ഉദാഹരണമായി, ഖുർആനിലെ ഏകദൈവത്വം ദ്വിദൈവത്വമോ ത്രിദൈവത്വമോ ആയി തിരുത്താനുള്ള ശ്രമങ്ങളൊന്നും ഇന്നോളം വിജയിച്ചിട്ടില്ല. ഇനി വിജയിക്കുകയുമില്ല. തൽപരകക്ഷികൾ വ്യാഖ്യാനങ്ങൾകൊണ്ട് ബഹുദൈവവാദം-ശിർക്ക് എത്രതന്നെ സ്ഥാപിച്ചാലും ഖുർആൻ തുറന്നുനോക്കിയാൽ ഏതു സാമാന്യബുദ്ധിക്കും കലർപ്പില്ലാത്ത ഏകദൈവത്വം(തൗഹീദ്) തെളിഞ്ഞു കാണാം.

**2:** പ്രഭാഷണമുഖം, ഇസ്‌ലാമിനോടുള്ള ശത്രുതക്ക് രൂക്ഷത വർധിപ്പിച്ചു കൊണ്ടിരിക്കുന്ന അവിശ്വാസികളിലേക്കു തിരിയുകയാണ്. അവർക്കുള്ള കനത്ത താക്കീതും പ്രവാചകനുള്ള സാന്ത്വനവുമാണ് ഇതിൽ മുഴങ്ങുന്നത്. رُبَّ യിലെ 'ബ്ബ' ലഘൂകരിച്ച് ما യിലേക്ക് ചേർത്തത് (إضافة) ആണ് رُبَما. ചിലത്, പലത്, എത്രയോ തുടങ്ങിയ അർഥങ്ങളിലുപയോഗിക്കുന്ന പദമാണ് رُبَّ. അതു ക്രിയയോട് (فعل) ചേരില്ല. നാമത്തോടേ ചേരൂ. ക്രിയയുമായി ബന്ധിപ്പിക്കേണ്ടി വരുമ്പോൾ رُبَّ ക്കും ക്രിയക്കുമിടയിൽ നാമത്തിന്റെ സ്ഥാനത്ത് ما ചേർക്കുന്നു. طالما-كلما എന്നൊക്കെ ഉപയോഗിക്കുന്നതു പോലെ. സൂക്തത്തിന്റെ ആശയമിതാണ്:

അവിശ്വാസികളുടെ പുഛവും പരിഹാസവും കേൾക്കുകയും പീഡനങ്ങൾ നേരിടുകയും ചെയ്യുന്ന പ്രവാചകനും ശിഷ്യന്മാരും തളർന്ന് പോകരുത്. അവരുടെ ഈ ശക്തി എന്നും നിലനിൽക്കാൻ പോകുന്നില്ല. ഇന്നല്ലെങ്കിൽ നാളെ, ഈ ലോകത്തല്ലെങ്കിൽ മറുലോകത്ത് ഈ അവസ്ഥകളെല്ലാം മാറും. ഇന്നു നിങ്ങളെ പുഛിക്കുകയും പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ഇതേ ആളുകൾ, അവർക്ക് നിങ്ങളെപ്പോലെ മുസ്‌ലിംകൾ ആവാനുള്ള ഭാഗ്യമുണ്ടായില്ലല്ലോ എന്ന നെടുംഖേദത്തിലകപ്പെടുന്ന സന്ദർഭം വരുന്നുണ്ട്.

ഇപ്പറഞ്ഞ സന്ദർഭം ഏതാണ് എന്ന കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ വ്യത്യസ്തമായ അഭിപ്രായക്കാരാണ്. ഹിജ്‌റക്കു ശേഷം നബിക്കും സ്വഹാബത്തിനും ഉണ്ടായ വിജയങ്ങളും യശസ്സും കാണുമ്പോൾ ഈ സൂക്തം അവതരിക്കുന്ന കാലത്ത് അവരെ രൂക്ഷമായി എതിർത്തിരുന്ന അവിശ്വാസികൾ നെടുംഖേദത്തോടെ ഇങ്ങനെ മോഹിച്ചിരുന്നുവെന്ന് ചിലർ പറയുന്നു. ബദ്ർ സംഭവത്തിൽ ഖുറൈശികൾക്കുണ്ടായ വൻ പരാജയവും മുസ്‌ലിംകൾക്കുണ്ടായ ഐതിഹാസിക വിജയവും കണ്ടപ്പോൾ തന്നെ ചിലർ ഇങ്ങനെ മോഹിച്ചു തുടങ്ങിയതായും അവർ പറയുന്നു. മരണം ആസന്നമാകുമ്പോൾ ആളുകൾക്ക് അവരുടെ ജീവിതത്തിന്റെ നന്മ തിന്മകളും അതിന്റെ ഫലമായ പാരത്രിക രക്ഷാശിക്ഷകളും ബോധ്യമാകും, അപ്പോഴാണ് സത്യനിഷേധികൾ ഇങ്ങനെ മോഹിക്കുക എന്നാണ് മറ്റൊരഭിപ്രായം. ഉയിർത്തെഴുന്നേൽപുനാളിൽ വിചാരണാ സഭയിലെത്തി രക്ഷാശിക്ഷകൾ വിധിക്കപ്പെടുമ്പോഴാണീ ഖേദമുണ്ടാവുക എന്ന് ഇനിയൊരുകൂട്ടർ. ചിലരുടെ വ്യാഖ്യാനം ഇങ്ങനെ: തങ്ങൾ മുഅ്മിൻ- സത്യവിശ്വാസി എന്ന ശ്രേഷ്ഠ പദവിയൊന്നുമില്ലാത്ത വെറും മുസ്‌ലിം എങ്കിലും ആയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്നാണവർ ഖേദിക്കുക. 'ലാ ഇലാഹ ഇല്ലല്ലാഹ്' ചൊല്ലിയ എല്ലാവരും ഈ ഗണത്തിൽ പെടും. കർമദോഷങ്ങളാൽ നരകത്തിലയക്കപ്പെട്ട വിശ്വാസികൾ അവരവരുടെ ദോഷം അർഹിക്കുന്ന ശിക്ഷ കഴിയുമ്പോൾ, നരകമുക്തരാവുകയും സ്വർഗസ്ഥരാവുകയും ചെയ്യും. ഒടുവിൽ കലിമതുശ്ശഹാദ ചൊല്ലി എന്നതല്ലാത്ത മറ്റൊരു നന്മയും ചെയ്തിട്ടില്ലാത്ത മുസ്‌ലിംകൾ മാത്രം സത്യനിഷേധികളോടൊപ്പം നരകത്തിലവശേഷിപ്പിക്കും. ശിക്ഷയുടെ കാലാവധി കഴിയുമ്പോൾ ആ മുസ്‌ലിംകളും കരകയറ്റപ്പെടും. പിന്നെ സത്യനിഷേധികളും ധർമധിക്കാരികളും മാത്രമാകും നരകത്തിൽ. അപ്പോഴാണ് സത്യനിഷേധികൾ, തങ്ങൾക്ക് ഒരു താഴേക്കിട മുസ്‌ലിമെങ്കിലും ആവാൻ ഭാഗ്യമുണ്ടായില്ലല്ലോ എന്ന് ഖേദിക്കുക. സൂക്തത്തിലെ പദങ്ങൾ ഇപ്പറഞ്ഞ എല്ലാ വ്യാഖ്യാനങ്ങളെയും ഉൾക്കൊള്ളാൻ പര്യാപ്തമാണ്. അതുകൊണ്ട് ആ സന്ദർഭങ്ങളെല്ലാം ഇവിടെ വിവക്ഷിക്കപ്പെട്ടതായി മനസ്സിലാക്കുന്നതിൽ അസാംഗത്യമില്ല.

**3:** അല്ലാഹുവിനെയും പ്രവാചകനെയും തള്ളിപ്പറയുന്ന ഈ ധിക്കാരികൾക്ക് ഇവിടെ സമ്പത്തും സ്ഥാനമാനങ്ങളും സാധനസാമഗ്രികളുമുണ്ട്. തിന്നും കുടിച്ചും ഭോഗിച്ചും സുഖിച്ചും മദിക്കുകയാണവർ. ആത്മീയ സത്യങ്ങളെക്കുറിച്ചും ധാർമിക നിയന്ത്രണങ്ങളെക്കുറിച്ചും ചിന്തിക്കാനേ അവർ സന്നദ്ധരല്ല. അവരുടെ പിമ്പെ നടന്നു പേർത്തും പേർത്തും സത്യപ്രബോധനം ചെയ്യുന്നതു വെറുതെയാണ്. ഭൗതികമായ ആഗ്രഹങ്ങളുടെയും വ്യാമോഹങ്ങളുടെയും പിന്നാലെ അന്ധമായി പായുകയാണവർ. അവർ അവരുടെ അനിയന്ത്രിതമായ ജീവിതാഘോഷത്തിലും ആസക്തികൾക്കു പിറകെയുള്ള അന്ധമായ നെട്ടോട്ടത്തിലും തന്നെ കഴിയട്ടെ. അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് പ്രവാചകൻ ഉണർത്തുന്നതൊന്നും ഇപ്പോഴവർക്ക് മനസ്സിലാവില്ല; മനസ്സിലായാലും അംഗീകരിക്കുകയുമില്ല. പക്ഷേ, അവർക്കതെല്ലാം വ്യക്തമായി മനസ്സിലാകുന്ന കാലം അത്ര വിദൂരമൊന്നുമല്ല. മുൻ സൂക്തത്തിൽ പറഞ്ഞ 'ഞങ്ങൾ മുസ്‌ലിംകളായിരുന്നു

വെങ്കിൽ!' എന്ന് മോഹിക്കുന്ന സന്ദർഭം തന്നെയാണത്. അപ്രകാരം മോഹിക്കുന്നതായി പറയപ്പെട്ട വ്യത്യസ്ത സന്ദർഭങ്ങളെല്ലാം ഈ ബോധോദയത്തിന്റെ കാര്യത്തിലും പ്രസക്തമാകുന്നു.

**4,5:** പ്രവാചകന്റെ നേരെ അവിശ്വാസികളുയർത്തിയ വെല്ലുവിളിക്കുള്ള പ്രതികരണമാണിത്. പ്രവാചകനെയും വേദത്തെയും തള്ളിക്കളയുന്ന നാട്ടുകാരെ ദൈവം ശിക്ഷിച്ചു കളയും എന്ന് ഭീഷണിപ്പെടുത്തുന്നുണ്ടല്ലോ, ശരി ഞങ്ങളിതാ പ്രവാചകനെയും വേദഗ്രന്ഥത്തെയും തള്ളിക്കളഞ്ഞിരിക്കുന്നു. പ്രവാചകൻ ഭീഷണിപ്പെടുത്തിയ ആ ദൈവശിക്ഷ ഒന്നിങ്ങ് നടത്തിക്കാണിച്ചാട്ടെ. ഇതായിരുന്നു അവരുടെ വെല്ലുവിളി. പ്രതികരണത്തിന്റെ സാരം ഇതാണ്:

അല്ലാഹുവിന്റെ നടപടികൾക്കെല്ലാം അതിന്റെ വ്യവസ്ഥയും ക്രമവുമുണ്ട്. അന്ധവും അവ്യവസ്ഥിതവുമായ ഒരു നീക്കവും അവനിൽ നിന്നുണ്ടാകുന്നതല്ല. ആരുടെയെങ്കിലും വെല്ലുവിളിക്കോ പ്രകോപനത്തിനോ പ്രലോഭനത്തിനോ വഴങ്ങി വല്ലതും പ്രവർത്തിക്കുക അവന്റെ രീതിയല്ല. നീതിയും യുക്തിയും അവന്റെ നടപടികളുടെ ഊടും പാവുമാണ്. അല്ലാഹു അനേകം നാടുകളെ നശിപ്പിച്ചിട്ടുണ്ട്. ഒന്നും പെട്ടെന്നുണ്ടായ പ്രലോഭനത്തിന്റെയോ പ്രകോപനത്തിന്റെയോ ഫലമല്ല. എല്ലാം യുക്തിയുടെ താൽപര്യത്തിനും നൈതിക നിയമങ്ങൾക്കും അനുസൃതമായിട്ടായിരുന്നു. ശിക്ഷാർഹമായ നാടുകൾക്കെല്ലാം ശിക്ഷ ഏറ്റുവാങ്ങാൻ ഒരു സമയം നിർണയിച്ചു വെച്ചിട്ടുണ്ടായിരുന്നു. അവർക്ക് സ്വയം വീണ്ടെടുക്കാനും ശിക്ഷയിൽനിന്ന് രക്ഷാമാർഗത്തിലേക്ക് തിരിച്ചു വരാനുമുള്ള അവസരമായിരുന്നു അത്. ആ അവസരത്തിന് സ്വാഭാവികമായും ഒരതിരുണ്ടായിരുന്നു. അതിരിലെത്തുന്നതിന് മുമ്പ് സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങിയവർ രക്ഷപ്പെട്ടു. അല്ലാഹു നിശ്ചയിച്ചു തന്ന അവസരം അശേഷം പ്രയോജനപ്പെടുത്താതെ അസത്യത്തിന്റെയും അക്രമത്തിന്റെയും അനീതിയുടെയും അധർമത്തിന്റെയും മാർഗത്തിലൂടെ തന്നെ കുതിച്ചോടിയവർ ആ ഓട്ടത്തിന്റെ അനിവാര്യ പരിണതിയായ മഹാവിനാശത്തിൽ ചെന്നു പതിക്കുകയായിരുന്നു.

ശിക്ഷക്കായാലും രക്ഷക്കായാലും അല്ലാഹു നിശ്ചയിച്ചുവെച്ച സമയത്തിൽ നീക്കുപോക്കില്ല. എല്ലാറ്റിന്റെയും തുടക്കത്തിനും ഒടുക്കത്തിനും വിധി കണിശമായ സമയം നിർണയിച്ചിരിക്കുന്നു. അന്ധമായഭൗതിക പ്രമത്തതയുടെ പരിണതി ബോധ്യമാവുകയും തങ്ങൾ മുസ്‌ലിംകളായിരുന്നുവെങ്കിൽ എന്നുകൊതിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ വ്യക്തികളും സമുദായങ്ങളും തങ്ങൾക്ക് ഭൗതിക ജീവിതത്തിന് കുറച്ചുകൂടി അവസരം നൽകണം എന്നു വിലപിക്കും.

وَلَوْ تَرَىٰٓ إِذِ ٱلْمُجْرِمُونَ نَاكِسُوا۟ رُءُوسِهِمْ عِندَ رَبِّهِمْ
رَبَّنَآ أَبْصَرْنَا وَسَمِعْنَا فَٱرْجِعْنَا نَعْمَلْ صَٰلِحًا إِنَّا مُوقِنُونَ ﴿١٢﴾

(കഷ്ടം! ഈ ധിക്കാരികൾ അവരുടെ വിധാതാവിന്റെ മുമ്പിൽ തലകുനിച്ചു നിൽക്കുന്നത് നീ കാണുകയാണെങ്കിൽ, അപ്പോൾ അവർ കേഴുന്നുണ്ടാകും: നാഥാ, ഞങ്ങൾ നന്നായി കേൾക്കുകയും കാണുകയും ചെയ്തു. ഇനി ഞങ്ങളെ തിരിച്ചയക്കേണമേ, ഞങ്ങൾ സൽകർമം ചെയ്തു കൊള്ളാം. പ്രവാചക സന്ദേശവും വേദപ്രമാണങ്ങളും സത്യമാണെന്ന് ഇപ്പോൾ ഞങ്ങൾക്ക് ഉറപ്പായിരിക്കുന്നു - 32:12).

وَأَنذِرِ ٱلنَّاسَ يَوْمَ يَأْتِيهِمُ ٱلْعَذَابُ فَيَقُولُ ٱلَّذِينَ ظَلَمُوا۟ رَبَّنَآ أَخِّرْنَآ إِلَىٰٓ
أَجَلٍ قَرِيبٍ نُّجِبْ دَعْوَتَكَ وَنَتَّبِعِ ٱلرُّسُلَ ۗ أَوَلَمْ تَكُونُوٓا۟ أَقْسَمْتُم مِّن قَبْلُ
مَا لَكُم مِّن زَوَالٍ ﴿٤٤﴾

(ശിക്ഷ സമാഗതമാകുന്ന ദിനത്തെക്കുറിച്ച് പ്രവാചകൻ ജനങ്ങളെ താക്കീതു ചെയ്യുക. അപ്പോൾ അക്രമികളായവർ കേഴും: നാഥാ, ഞങ്ങൾക്ക് ഒരൽപം കൂടി ജീവിതാവസരം തരേണമേ! ഞങ്ങൾ നിന്റെ ക്ഷണം കൈക്കൊള്ളാം. ദൈവദൂതന്മാരെ അനുസരിക്കുകയും ചെയ്യാം - 14:44).

വിശ്വാസികളോട് അല്ലാഹു പറയുന്നു:

وَأَنفِقُوا۟ مِن مَّا رَزَقْنَٰكُم مِّن قَبْلِ أَن يَأْتِىَ أَحَدَكُمُ ٱلْمَوْتُ فَيَقُولَ رَبِّ
لَوْلَآ أَخَّرْتَنِىٓ إِلَىٰٓ أَجَلٍ قَرِيبٍ فَأَصَّدَّقَ وَأَكُن مِّنَ ٱلصَّٰلِحِينَ ﴿١٠﴾ وَلَن
يُؤَخِّرَ ٱللَّهُ نَفْسًا إِذَا جَآءَ أَجَلُهَا ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١١﴾

(നാം നൽകിയ വിഭവങ്ങളിൽനിന്ന് ചെലവഴിക്കുവിൻ. നിങ്ങളിലൊരുവൻ മരണം ആസന്നമാവുകയും, 'എന്റെ നാഥാ എനിക്ക് ഒരൽപം അവധി തരാത്തതെന്ത്, ഞാൻ ദാനം ചെയ്യുകയും സച്ചരിതനാവുകയും ചെയ്യാൻ' എന്നു വിലപിക്കുകയും ചെയ്യുന്നതിനു മുമ്പ്. അല്ലാഹു ആർക്കും അവരുടെ കർമാവധി ആസന്നമായാൽ പിന്നെ ഒട്ടും നീട്ടിക്കൊടുക്കുന്നതല്ല. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും സൂക്ഷ്മമായറിയുന്നവനാണല്ലാഹു - 63:10,11). ■